# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മാർച്ച് 18 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## കൊടുങ്ങല്ലൂർ ഭരണി ഉത്സവം: ആൾകൂട്ടം ഒഴിവാക്കാൻ മുഖ്യമന്ത്രിയുടെ നിർദ്ദേശം

കൊടുങ്ങല്ലൂർ ഭരണി ഉത്സവത്തിൽ ഇത്തവണ ജനക്കൂട്ടം ഉണ്ടാവുന്നത് ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി വിവിധ മതവിഭാഗങ്ങളുടെ ചടങ്ങുകളിൽ ആൾക്കൂട്ടം ഒഴിവാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ നടത്തിയ വീഡിയോ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊടുങ്ങല്ലൂർ ഭരണി വിവിധ ജില്ലകളിൽ നിന്നായി ആയിരക്കണക്കിന് പേർ എത്തിച്ചേരുന്ന ഉത്സവമാണ്. ഉത്സവത്തിന് പോകാനൊരുങ്ങുന്നവരെ അതത് ജില്ലാ കലക്ടർമാർ ബന്ധപ്പെട്ട് നിരുത്സാഹപ്പെടുത്തണം. ഉത്സവത്തിന് ആൾക്കൂട്ടം ഒഴിവാക്കുന്നതിനെക്കുറിച്ച് കൊടുങ്ങല്ലൂരിൽ ചർച്ച നടത്തണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഹൈന്ദവ - മുസ്ലിം - ക്രിസ്ത്യൻ ആരാധനാലയങ്ങൾ തങ്ങളുടെ ചടങ്ങുകളിൽ ആൾക്കൂട്ടത്തെ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. സമൂഹം വലിയ വിപത്ത് നേരിടുമ്പോൾ ചെറിയ വിഷമങ്ങൾ കാര്യമാക്കാതെ എല്ലാവരും വിശാല മനസ്കരാവണം. വൈറസിന്റെ സമൂഹ വ്യാപനം തടയാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. രോഗ പ്രതിരോധത്തിന്റെ ഭാഗമായി കെയർ സെന്ററുകൾ ഒരുക്കുന്നതിന് കര- വ്യോമ -നാവിക സേനാ വിഭാഗങ്ങളുടെ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ജില്ലാ കലക്ടർ എസ്.ഷാനവാസിനൊപ്പം വിവിധ മതസമുദായ വിഭാഗങ്ങളുടെ നേതാക്കൾ തൃശൂർ ജില്ലയിൽ നിന്ന് വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

## ഹോം ക്വാറന്റൈൻ സമൂഹത്തിന് വേണ്ടിയാണ്

കോവിഡ് 19 എന്ന വൈറസ് രോഗം വായുവിലൂടെ പകരുന്നതായതിനാൽ, രോഗബാധിത പ്രദേശങ്ങളിൽനിന്ന് വരുന്നവരിലും രോഗിയുമായി സമ്പർക്കമുണ്ടായവരിലും രോഗബാധ ഉണ്ടാവാൻ സാധ്യതയുള്ളതിനാലാണ് ആരോഗ്യ വകുപ്പ് ഹോം ക്വാറന്റൈൻ നിർബന്ധമാക്കിയിരിക്കുന്നത്. പ്രസ്തുത സാഹചര്യം അനുസരിച്ച് ഹോം ക്വാറന്റൈൻ 28 ദിവസമോ 14 ദിവസമോ ആയിരിക്കും. ഇത് എത്രവേണമെന്ന് ആരോഗ്യ വകുപ്പ് അധികൃതർ നിർദേശിക്കും. ഏതായാലും ഇത്രയും കാലം അവർ വീടുകളിൽ തന്നെ കഴിച്ചുകൂട്ടി തങ്ങൾക്കും മറ്റുള്ളവർക്കും അണുബാധ ഉണ്ടാവുന്നില്ല എന്ന് ഉറപ്പാക്കുക. തങ്ങൾ വീട്ടിലുള്ള വിവരം ആദ്യമേ ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂമിൽ അറിയിക്കേണ്ടതാണ്.

വീടിനുള്ളിൽ കഴിയുമ്പോൾ പ്രത്യേക മുറിയും പ്രത്യേക ടോയ്‌ലെറ്റും ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കുടുംബാംഗങ്ങളുമായി ഇടപഴകുമ്പോൾ ഒരു മീറ്റർ അകലമെങ്കിലും

പാലിക്കാൻ ശ്രദ്ധിക്കണം. വീട്ടിൽ പൊതുപരിപാടികൾ സംഘടിപ്പിക്കരുത്. പൊതുപരിപാടികളിൽ പങ്കെടുക്കുകയുമരുത്. സന്ദർശകരെ പൂർണമായി ഒഴിവാക്കണം.

ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായും മൂക്കും തൂവാലയോ തുണിയോ മാസ്കോ ഉപയോഗിച്ച് മറയ്ക്കണം. കൈകൾ സോപ്പോ അണുനാശിനിയോ ഉപയോഗിച്ച് ഇടയ്ക്കിടക്ക് കഴുകണം. നല്ല വണ്ണം വെള്ളം കുടിക്കണം. പനി, ചുമ, തൊണ്ടവേദന, ശ്വാസംമുട്ട് തുടങ്ങിയ എന്തെങ്കിലും പ്രയാസം ഉണ്ടായാൽ കൺട്രോൾ റൂമിൽ വിളിച്ച് വൈദ്യസഹായം ആവശ്യപ്പെടുക.

ഒരിക്കലും സ്വമേധയാ ആശുപത്രിയിൽ വരരുത്. കൺട്രോൾ റൂമുമായി ബന്ധപ്പെട്ട് അവർ നിയോഗിക്കുന്ന വാഹനത്തിൽ മാത്രം ആശുപത്രിയിൽ എത്തുക.

ഒരുതരത്തിലും ഭീതി വേണ്ട. നമുക്ക് വേണ്ടി, കുടുംബത്തിന്റെ സുരക്ഷയ്ക്ക് വേണ്ടി, നാടിന്റെ സുരക്ഷയ്ക്ക് വേണ്ടിയാണ് ഈ കരുതൽ.

കൺട്രോൾ റൂം നമ്പറുകൾ: തൃശൂർ കളക്ടറേറ്റ്: 0487 236 2424, 9447074424, 1077.

തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം): 0487 2320466, 9961488206, 9447635407

തൃശൂർ ഗവ. മെഡിക്കൽ കോളജ്: 8547873420

ദിശ: 1056.

# കോവിഡ് 19: വെള്ളാങ്ങല്ലൂരിൽ ട്യൂഷൻ സെന്ററുകൾ അടപ്പിച്ചു

കോവിഡ് വൈറസ് പടരുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വെള്ളാങ്ങല്ലൂർ, കോണത്ത് കുന്ന്, കരൂപടന്ന, പള്ളിനട എന്നിവിടങ്ങളിൽ നടത്തിവന്ന ട്യൂഷൻ സെൻററുകൾ ആരോഗ്യ വിഭാഗം അടപ്പിച്ചു. പ്രദേശത്ത് ഇത്തരം ട്യൂഷൻ സെൻററുകൾ നടത്തുന്നതിനെക്കുറിച്ച് ആരോഗ്യ വകുപ്പിന് പരാതികൾ ലഭിച്ചിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിലാണ് നടപടി. വെള്ളാങ്ങല്ലൂർ പരിധിയിലെ കൂട്ടം കൂടിയുള്ള ഇലക്ഷൻ ഹിയറിങ്ങ് ഒഴിവാക്കണമെന്നും ആരോഗ്യ വകുപ്പ് നിർദേശം നൽകി. വള്ളിവട്ടം, ബ്രാലം, വെള്ളാങ്ങല്ലൂർ, കരൂപ്പടന്ന എന്നീ സ്ഥലങ്ങളിൽ വിദേശത്തു നിന്നെത്തിയ 14 പേർ പുറത്തിറങ്ങി നടത്തുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് കർശനമായ നിരീക്ഷണത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്. മേഖലയിൽ 157 പേർ നിരീക്ഷണത്തിലാണ്. റൂറൽ ഹെൽത്ത് ഓഫീസർ വി ജെ ബെന്നി, ഹെൽത്ത് ഇൻസ്പെക്ടർ എ എ അനിൽകുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എസ് ശരത് കുമാർ എന്നിവർ പരിശോധനയ്ക്ക് നേതൃത്വം നൽകി.

# കോവിഡ് 19: പ്രതിരോധ ക്യാമ്പയിനും ബോധവത്കരണവും സംഘടിപ്പിച്ചു

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കടവല്ലൂർ ഗ്രാമപഞ്ചായത്തും പി.എച്ച്.സി പെരുമ്പിലാവും ചേർന്ന് കോവിഡ് 19 പ്രതിരോധ ക്യാമ്പയിനും ബോധവത്കരണവും സംഘടിപ്പിച്ചു.

കടവല്ലൂർ പഞ്ചായത്ത് വിവിധ വാർഡുകളിലെ ആശാ വർക്കർമാർ, അങ്കണവാടി ടീച്ചർമാർ, ജനപ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ച് നടന്ന ബ്രേക്ക് ദ ചെയിൻ ക്യാമ്പയിനിലും ബോധവത്കരണത്തിലും കടവല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് യു.പി. ശോഭന, കടവല്ലൂർ ഹെൽത്ത് ഇൻസ്പെക്ടർ ഉണ്ണി കൃഷ്ണൻ, വാർഡ് മെമ്പർമാരായ ഷീലകുമാരി,മേരി ജിജി, രാജേഷ് വാർഡുകളിലെ ആശാ വർക്കർമാർ അംഗൻവാടി ടീച്ചർമാർ, യുവജന സംഘടനാ ഭാരവാഹികൾ, കുടുംബശ്രീ സി.ഡി.എസ്സ് അംഗങ്ങൾ,വിവിധ ക്ലബ് ഭാരവാഹികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

കോവിഡ് 19 പ്രചരണ പോസ്റ്ററുകളും വിതരണം ചെയ്തു. വാർഡ് തല പ്രതിരോധ, ബോധവത്ക്കരണ കമ്മറ്റിയും രൂപികരിച്ചു.

# അഭിമുഖം മാറ്റി

കോവിഡ് 19 ജാഗ്രത നിർദ്ദേശമുള്ളതിനാൽ തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) ൽ മാർച്ച് 20, 21 തിയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം ഗ്രേഡ് ആശുപത്രി അറ്റന്റൻഡ്

തസ്തികയിലേക്കുള്ള അഭിമുഖം മാറ്റിവെച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. പുതുക്കിയ തിയതി പിന്നീട് അറിയിക്കും. ഫോൺ: 0487 2333242

## സെമിനാർ മാറ്റി

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസിന്റെയും കേരള സ്റ്റേറ്റ് ഫോർമർ എം.എൽ.എ ഫോറത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മാർച്ച് 20 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്കറ്റ് ഹാളിൽ 'ഇന്ത്യൻ ഭരണഘടനയും ജനാധിപത്യവും' എന്ന വിഷയത്തിൽ നടത്താനിരുന്ന സെമിനാർ മാറ്റി.

## സാനിറ്റൈസറും ഹാൻഡ് വാഷും ഒരുക്കി സഹകരണ ബാങ്ക്

കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന വിധം തളിക്കുളം സർവ്വീസ് സഹകരണ ബാങ്ക് പൊതുസ്ഥലത്ത് ഹാൻഡ് വാഷ് സംവിധാനം ഏർപ്പെടുത്തി. തളിക്കുളം സെന്ററിൽ പഴയ എലൈറ്റ് ആശുപത്രി കെട്ടിടത്തിനു മുന്നിൽ സി.എസ്.ബി ബാങ്കിനു സമീപത്താണ് ഹാൻഡ് വാഷും വാഷ് ബെയ്സനും വച്ചിട്ടുള്ളത്. സഹകരണ ബാങ്കിനകത്ത് ജീവനക്കാർക്കും ഇടപാടുകാർക്കും ഉപയോഗിക്കാനായി സാനിറ്റൈസറും വച്ചിട്ടുണ്ട്. കോവിഡ് ആശങ്ക ഒഴിയും വരെ ഈ ശുചിത്വ സംവിധാനങ്ങൾ തുടരുമെന്ന് ബാങ്ക് പ്രസിഡന്റ് ടി.എൽ.സന്തോഷ് പറഞ്ഞു.

## തൊഴിലുറപ്പ് തൊഴിലാളികൾ കൂട്ടം കൂടി ജോലി ചെയ്യുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശം

തൊഴിലുറപ്പ് തൊഴിലാളികൾ കൂട്ടംകൂടി പണിയെടുക്കുന്നത് ഒഴിവാക്കണമെന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ നിർദ്ദേശം. കുറഞ്ഞത് ഒരു മീറ്റർ അകലം പാലിച്ചായിരിക്കണം ജോലി ചെയ്യേണ്ടത്. പണിയായുധങ്ങൾ പരസ്പരം കൈമാറരുതെന്ന് മാത്രമല്ല മാസ്കും കൈയുറയും നിർബന്ധമായും ധരിക്കണം. ജില്ലയിൽ കോവിഡ് 19 വൈറസ് ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് തൊഴിലുറപ്പ് തൊഴിലാളികളും ബന്ധപ്പെട്ടവരും സ്വീകരിക്കേണ്ട മുൻകരുതലുകളും നിർദേശങ്ങളും അധികൃതർ പുറത്തിറക്കിയത്.

*തൊഴിലാളികൾ ജോലി തുടങ്ങുന്നതിനു മുൻപും ശേഷവും ഇടവേളകളിലും കൈകൾ സോപ്പുപയോഗിച്ച് നന്നായി കഴുകണം. ജോലി കഴിഞ്ഞ് വീട്ടിലെത്തിയാലും ഇത് ആവർത്തിക്കണം

* സോപ്പും വെള്ളവും പ്രവൃത്തി സ്ഥലത്ത് ലഭ്യമാക്കണം. ഇതിൻറെ ചെലവ് പദ്ധതിയിൽ ഉൾക്കൊള്ളിക്കും

* ഓരോരുത്തരും സ്വന്തമായി ഒരു തോർത്ത് വിയർപ്പ് തുടയ്ക്കാൻ കരുതണം. ചുമക്കുമ്പോഴും തുമ്മുമ്പോഴും തുണി ഉപയോഗിച്ച് വായും മൂക്കും മൂടണം. പ്രവൃത്തി പരിസരങ്ങളിൽ തുപ്പുന്നത് ഒഴിവാക്കണം.

* തൊഴിലാളികളിൽ ആർക്കെങ്കിലും അസ്വസ്ഥത തോന്നുന്നുവെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തിലെ ആരോഗ്യ വിഭാഗത്തെ ഫോൺ മുഖേന ബന്ധപ്പെട്ട അടിയന്തര നടപടി സ്വീകരിക്കണം. ആരോഗ്യ പ്രവർത്തകരുടെ ഫോൺ നമ്പർ നിർബന്ധമായും ഓരോരുത്തരും സൂക്ഷിക്കണം.

അടിയന്തര ഘട്ടങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ സെൽ നമ്പറായ 0487 2320466 എന്ന നമ്പറിൽ വിളിക്കണമെന്നും മിഷൻ ഡയറക്ടർ അറിയിച്ചു.

# കോവിഡ് 19 : പ്രതിരോധത്തിന്റെ ഭാഗമായി ബോധവൽക്കരണം നടത്തി

കോൾഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി കളക്ടറേറ്റിലും കോടതിയിലുമെത്തുന്ന ജീവനക്കാർക്കും പൊതുജനത്തിനും വ്യക്തിശുചിത്വം സംബന്ധിച്ച് ബോധവൽക്കരണം നടത്തി. കൈകഴുകാൻ സാനിറ്റൈസർ ലഭ്യമാക്കുകയും ചെയ്തു. വെസ്റ്റ് ഫോർട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്, തൃശൂർ വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ, വെസ്റ്റ് ഫോർട്ട് കോളേജ് ഓഫ് ഫാർമസി, വെസ്റ്റ് ഫോർട്ട് കോളേജ് ഓഫ് നഴ്സിംഗ് എന്നീ സ്ഥാപനങ്ങൾ ചേർന്നാണ് ഈ സേവനം ഒരുക്കിയത്. ദിവസേന നൂറുകണക്കിന് ആളുകൾ വന്നുപോകുന്ന സ്ഥലമായതിനാൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായായിരുന്നു ഇത്. പ്രളയത്തിന് ഏവരും ഒത്തൊരുമിച്ച് പ്രവർത്തിച്ചത് പോലെ സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ ഏവരും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ ജില്ലാ കളക്ടർ എസ്. ഷാനവാസ് ആഹ്വാനം ചെയ്തിരുന്നു. ഇതിന്റെ ഭാഗമായാണ് സേവനം ഒരുക്കിയത്. സാനിറ്റൈസറും ഹാൻഡ് വാഷും ഫലപ്രദമായി ഉപയോഗിക്കുന്നതിനെ കുറിച്ചുള്ള ഡെമോയും ഇതിന്റെ ഭാഗമായി നടത്തി. രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെയാണ് ഈ സേവനം ലഭ്യമായത്. വെസ്റ്റ് ഫോർട്ട് സ്ഥാപനങ്ങളിലെ പാരാമെഡിക്കൽ വിദ്യാർത്ഥികൾ, സ്റ്റാഫ് അംഗങ്ങൾ, നഴ്സുമാർ,വെസ്റ്റ് ഫോർട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് പ്രിൻസിപ്പൽ പ്രൊഫ. ഷീബ ഭാസ്കർ, വെസ്റ്റ് ഫോർട്ട് കോളേജ് ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. അനിൽ ബാബു, വെസ്റ്റ് ഫോർട്ട് ഹൈടെക് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സിജോ ജോർജ് എന്നിവർ നേതൃത്വം നൽകി. പൊതുജനം മികച്ച രീതിയിലാണ് ഇവരുടെ പ്രവർത്തനത്തോട് പ്രതികരിച്ചത്. രോഗപ്രതിരോധത്തിനായെടുക്കേണ്ട മുൻകരുതലുകൾ അടങ്ങുന്ന നോട്ടീസ് വിതരണവും ഇതിനോടൊപ്പം നടത്തി.

# കിയോസ്ക്കുകൾ സ്ഥാപിച്ചു

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിൽ കിയോസ്ക്കുകൾ സ്ഥാപിച്ചു. ഓഫീസിൽ വരുന്നവർക്കും പൊതുജനങ്ങൾക്കും ഉപയോഗിക്കാവുന്ന രീതിയിലാണ് കിയോസ്ക്കുകൾ സ്ഥാപിച്ചിരിക്കുന്നത്. പൊതുജനങ്ങൾക്ക് കോവിഡ് 19 നെ കുറിച്ച് കൂടുതൽ അവബോധം നൽകുന്നതിന് വേണ്ടി അനൗൺസ്മെന്റ്, ലഘുലേഖനങ്ങൾ തുടങ്ങിയ ബോധവൽക്കരണ പരിപാടികളും പഞ്ചായത്തിന്റെ നേതൃത്യത്തിൽ ചെയ്യുന്നുണ്ട്. വാടാനപ്പിള്ളിയിലെ ഓട്ടോ ഡ്രൈവർമാർക്ക് പഞ്ചായത്ത് മാസ്കുകൾ വിതരണം ചെയ്തു. വാടാനപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് വി.ആർ. ഷാജിത്ത് കൈ കഴുകി കിയോസ്ക്കുകൾ ഉദ്ഘാടനം ചെയ്തു.

# കോവിഡ് 19 : പ്രതിരോധത്തിനായി കിയോസ്ക്കുകൾ സ്ഥാപിച്ചു

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി തൃശൂർ ശക്തൻ ബസ് സ്റ്റാൻഡിലും റെയിൽവേ സ്റ്റേഷനിലും കോർപ്പറേഷൻ ഓഫീസിലും ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹാൻഡ് സാനിറ്റൈസർ ബൂത്തും കൈകഴുക്കാനുള്ള സജ്ജീകരണവും ഒരുക്കി. മേയർ അജിത ജയരാജൻ ഉദ്ഘാടനം ചെയ്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഹാൻഡ് സാനിറ്റൈസർ ബൂത്തും കൈകഴുക്കാനുള്ള സജ്ജീകരണവും മേയർ അജിത ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു***

# പ്രതിരോധശേഷി വർധിപ്പിക്കാൻ സൗജന്യ ഹോമിയോ മരുന്ന്

രോഗ പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനുള്ള ഹോമിയോ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യും. കേന്ദ്ര ആയുഷ് വകുപ്പിന്റെ നിർദ്ദേശപ്രകാരം ഹോമിയോപ്പതി ദ്രുത കർമ്മ പകർച്ചവ്യാധി നിയന്ത്രണ സെല്ലിന്റെയാണ് തീരുമാനം. വകുപ്പിന്റെ കീഴിലുള്ള എല്ലാ

സ്ഥാപനങ്ങളിൽ നിന്നും സൗജന്യമായി മരുന്ന് വിതരണം ചെയ്യും. അംഗീകൃത ഹോമിയോപ്പതി ചികിത്സകരുടെ ക്ലിനിക്കുകളിൽ നിന്നും മരുന്ന് ലഭ്യമാണ്. ഡോക്ടറുടെ നിർദ്ദേശം ഇല്ലാതെ ഫാർമസിയിൽ നിന്നും നേരിട്ട് മരുന്ന് വാങ്ങി കഴിക്കുന്ന പ്രവണത ഒഴിവാക്കണമെന്ന് ഡിഎംഒ ഡി. സുലേഖ അറിയിച്ചു. ഐസൊലേഷൻ, ക്വാറന്റൈൻനിലുള്ള രോഗികളും രോഗ ലക്ഷണം ഉള്ളവരും മരുന്ന് വാങ്ങി കഴിക്കാൻ പാടില്ല. രോഗ ലക്ഷണം സംശയിക്കുന്നവർ ദിശ അടക്കമുള്ള ഹെല്പ് ലൈൻ നമ്പറുകളിൽ ബന്ധപ്പെടണമെന്നും ഡിഎംഒ അറിയിച്ചു. ആരോഗ്യ വകുപ്പ് നൽകുന്ന നിർദേശങ്ങൾ കർശനമായി പാലിക്കണം.

## കടങ്ങോട് പഞ്ചായത്ത് ബജറ്റ്: പാർപ്പിടത്തിനും, കുടിവെള്ളത്തിനും കാർഷിക മേഖലക്കും മുൻഗണ

288271410 രൂപ വരവും 286947628 രൂപ ചെലവും 1323782 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് കടങ്ങോട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുഗിജ സുമേഷ് അവതരിപ്പിച്ചു.

സ്വന്തമായി ഒരു വീടെന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനു വേണ്ടി ലൈഫ് ഭവനപദ്ധതിയിലുൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണത്തിനു വേണ്ടി 1 കോടി 20 ലക്ഷം രൂപയും, തരിശുരഹിത ഗ്രാമ പഞ്ചായത്താക്കി മാറ്റുന്നതിനു വേണ്ടി കാർഷിക മേഖലക്ക് 80 ലക്ഷം രൂപയും, ചെറുകിട കുടിവെള്ള പദ്ധതികൾക്ക് 75 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ആരോഗ്യമേഖലയിൽ കടങ്ങോട് പിഎച്ച്സിയിൽ ഈവനിങ് ഒപി സൗകര്യം ഏർപ്പെടുത്തുന്നതിനും,ആയുർവ്വേദ, ഹോമിയോ ആശുപത്രികളുടെ വികസനത്തിനും തുക വകയിരുത്തി.

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 26 ലക്ഷം രൂപയും, അങ്കണവാടി ശിശുക്ഷേമത്തിന് 55 ലക്ഷം രൂപയും, ശുചിത്വത്തിന് 20 ലക്ഷം രൂപയും, വനിതാ ക്ഷേമത്തിന് 25 ലക്ഷം രൂപയും നീക്കിവെച്ചു.

പൊതുമരാമത്ത് റോഡുകൾക്കും, പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾക്കും, മൃഗസംരക്ഷണ മേഖലക്കും, വിദ്യാഭ്യാസം, കലാ, കായിക, സാംസ്കാരിക മേഖലക്കും, വയോജനങ്ങൾക്കും, ഭിന്നശേഷി ക്കാർക്കും പ്രത്യേകം തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

മറ്റ് ബജറ്റുകളിൽ നിന്നും വ്യത്യസ്ഥമായി ഇത്തവണ ദുരന്തനിവാരണത്തിനും, കുടുംബശ്രീകാന്റീൻ വഴി 25 രൂപക്ക് പൊതുജനങ്ങൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനും തുക വകയിരുത്തി.

പ്രസിഡന്റ് രമണിരാജൻ അദ്ധ്യക്ഷത വഹിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ അഡ്വ: കെ.എം.നൗഷാദ്, ജലീൽ ആദൂർ, കെ.ആർ.സിമി, പഞ്ചായത്ത് അംഗങ്ങളായ ടി.പി.ജോസഫ്, പി.സി.ഗോപാലകൃഷ്ണൻ, കെ.കെ.മണി, പി.വി.പ്രസാദ്, ഷുക്കൂർ പന്നിത്തടം, പി.വി.കൃഷ്ണൻ, കാഞ്ചന മോഹൻ, ലിപിൻ.കെ.മോഹൻ,ദീപ രാമചന്ദ്രൻ, സൗമ്യ സുരേഷ്, ബബിത രവി, സന്ധ്യാ ബാലകൃഷ്ണൻ, ആമിന സുലൈമാൻ, പഞ്ചായത്ത് സെക്രട്ടറി എം.ജയൻ എന്നിവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കടങ്ങോട് ഗ്രാമപഞ്ചായത്തിൽ നടന്ന 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരണം***

## ക്വട്ടേഷൻ ക്ഷണിച്ചു

അഴിക്കോട് മേഖല ചെമ്മീൻ വിത്തുല്പാദന കേന്ദ്രത്തിൽ ജലശുദ്ധീകരണ ഉപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. റാപ്പിഡ് സാൻഡ് ഫിൽറ്റർ, യു വി സിസ്റ്റം, ഓസോൺ പ്യൂരിഫയർ എന്നിവ വാങ്ങുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചത്. അവസാന തീയതി മാർച്ച് 18 രാവിലെ 11 മണിവരെ. കൂടുതൽ വിവരങ്ങൾക്ക് 0480-2819698.

## ജില്ലാ ആസൂത്രണ സമിതി 21 ന്

ജില്ലാ ആസൂത്രണ സമിതി യോഗം മാർച്ച് 21 വൈകീട്ട് മൂന്നിന് ജില്ലാ ആസൂത്രണ ഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

# ജെ.ഡി.സി. കോഴ്സിന്
# അപേക്ഷ ക്ഷണിച്ചു

കരണി സഹകരണ പരിശീലന കേന്ദ്രത്തിൽ ജെ.ഡി.സി. 2020-21 ബാച്ചിലേക്ക് പ്രവേശനം ആരംഭിച്ചു. ജനറൽ വിഭാഗത്തിന് 80 സീറ്റും പാലക്കാട്, തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിലെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 80 സീറ്റുമാണുള്ളത്. എസ്.എസ്.എൽ.സി. യാണ് കോഴ്സിന് ചേരാനുള്ള അടിസ്ഥാന യോഗ്യത. അപേക്ഷ ഫോറം പരിശീലന കേന്ദ്രത്തിൽ ലഭിക്കും. അവസാന തീയതി മാർച്ച് 31. ഫോൺ 8281167513.

# മത്സ്യ വിത്തുകൾ വിപണനത്തിന്

ഗവ ഫിഷ് സീഡ് ഹാച്ചറി, പീച്ചിയിൽ രാജീവ് ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചർ (ആർജിസിഎ) വിജയവാഡയിൽ ഉൽപാദിപ്പിച്ച ഗിഫ്റ്റ് മത്സ്യവിത്തുകൾ ലഭ്യമാണ്. ഗവ ഫിഷ് സീഡ് ഹാച്ചറി പീച്ചിയിൽ ഒരു മാസം പരിപാലനം കഴിഞ്ഞ ഇവ ഉയർന്ന വളർച്ചാ നിരക്കും രോഗ പ്രതിരോധ ശേഷി ഉള്ളവയും ആറ് മാസം കൊണ്ട് 750 ഗ്രാം തൂക്കം വരുന്നവയുമാണ്. ഗിഫ്റ്റ് മത്സ്യ വിത്തുകളെ ആവശ്യമുള്ള മത്സ്യ കർഷകർ ഫാമിൽ നേരിട്ടോ ഇ. മെയിൽ മുഖാന്തിരമോ മുൻ കൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. നാല് സെ. മീ. വലിപ്പമുള്ള കുഞ്ഞ് ഒന്നിന് എട്ട് രൂപയാണ് വില. ഫോൺ : 7907054426, 9605429484 ഇമെയിൽ sifpeechi@gmail.com

## തുടരും